പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

# (സാമൂഹ്യസേവനം)
## (SOCIAL SERVICES)

## 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 13-ാംതീയതി സമർപ്പിച്ചത്
(Presented on 13th July, 2022)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISTLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

# (സാമൂഹ്യസേവനം)
# (SOCIAL SERVICES)

**2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

691/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2021 -2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. കെ. ആൻസലൻ

ശ്രീ. എ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്.

ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി.

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനായ ഞാൻ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 22-7-2021-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ 92 ശിപാർശകളിന്മേലും സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് 2022 ജൂൺ 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2022 ജൂൺ 22.

# റിപ്പോർട്ട്

അദ്ധ്യായം 1

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ഖണ്ഡിക - 1

2225-01-001-94-34—വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും-മറ്റു ചെലവുകൾ

പട്ടികജാതി വികസന വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും 2 മേഖല ഓഫീസുകളിലും 2 ഐ.ടി. മേഖല ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും 35 ഐ.ടി.ഐ., 43 പ്രീ-മെട്രിക് ഹോസ്റ്റൽ, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവ് വഹിക്കുന്നതിനും, നന്ദാവനം ഓഫീസ്, അംബേദ്കർ ഭവൻ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവിനത്തിലും ജില്ലാ ഓഫീസുകളുടെയും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും നന്ദാവനം ബിൽഡിംഗിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടും അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 വർഷം ശീർഷകത്തിൽ 2,54,16,983 രൂപയാണ് ചെലവ്. ഈ ആവശ്യത്തിലേക്കായി അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 10-05-2022-ലെ SCSTDD-B2/177/2021-SCSTDD നമ്പർ കത്ത്.)

ഖണ്ഡിക - 2

2225-01-102-91—വാത്സല്യനിധി

വാർഷിക വരുമാന പരിധി 1 ലക്ഷത്തിൽ താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഇൻഷുറൻസ് അധിഷ്ഠിത പദ്ധതിപ്രകാരം നിലവിൽ 4500 ഓളം കുട്ടികൾക്ക് 39,000 രൂപ നിരക്കിൽ

ആദ്യ ഗഡു തുക എൽ.ഐ.സി.-ക്ക് കൈമാറുന്നതിനും നടപ്പ് സാമ്പത്തികവർഷം 4000-ത്തിലധികം അപേക്ഷകൾ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 വർഷം ഈ ശീർഷകത്തിൽ 6,59,49,000 രൂപയാണ് ചെലവ്. ഈ ആവശ്യത്തിലേക്കായി അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 10-05-2022-ലെ SCSTDD-B2/177/2021-SCSTDD നമ്പർ കത്ത്.)

ഖണ്ഡിക - 3

2225-01-192-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

വകുപ്പിന്റെ നിയന്ത്രണത്തിലും ബ്ലോക്ക് പഞ്ചായത്തുകളുടെ മേൽ നോട്ടത്തിലും പ്രവർത്തിച്ചുവരുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളുടെ അന്തേവാസികൾക്കാവശ്യമായ ഭക്ഷണം, യൂണിഫോം ഇനങ്ങളിലായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ആയത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-01-192-50 എന്ന ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 63,78,842 രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 20-5-2022-ലെ ബി1/50/2021/എസ്.സി.എസ്.റ്റി.ഡി.ഡി. നമ്പർ കത്ത്.)

ഖണ്ഡിക - 4

2225-01-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് -വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം

വകുപ്പിന്റെ നിയന്ത്രണത്തിലും വില്ലേജ് പഞ്ചായത്തിന്റെ മേൽനോട്ടത്തിലും പ്രവർത്തിച്ചുവരുന്ന നഴ്സറി സ്കൂളുകളിലെ കുട്ടികൾക്കാവശ്യമായ ഭക്ഷണം, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി

സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 12,44,447 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ആയതിൽ പ്രതീക്ഷിച്ചതു പ്രകാരം അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 5

2225-01-277-67-05-01—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-വെള്ളക്കരം

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ വെള്ളക്കരം ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.94 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്ലാൻ ശീർഷകങ്ങളിൽ നിന്ന് ചെലവ് വരുത്തിയതിനാൽ തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 6

2225-01-277-67-05(02)—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 54,879 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക - 7</u>

2225-01-277-67-05(03)—<u>വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്</u>

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ ടെലഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ഓതറൈസേഷൻ മുഖേന അധിക തുകയ്ക്കുള്ള അനുമതി ലഭിച്ചിരുന്നു. ശീർഷകത്തിൽ 24,371 രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക - 8</u>

2225-01-277-67-05(04)—<u>വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ ഓഫീസ് ചെലവുകൾ, തപാൽ ചെലവുകൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34.58 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 48,921 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 9

2225-01-277-67-45—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-പി.ഒ.എൽ.

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിലെ കോഴ്സ് നടത്തിപ്പ് പരിശോധിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവ് വഹിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ മുഖേന 50000 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി ലഭിച്ചിരുന്നു. ശീർഷകത്തിൽ 51,860 രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക – 10

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ

പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മറ്റ് ഭരണപരമായ ചെലവുകളും ടി ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 62 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പാലക്കാട് മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മറ്റ് ഭരണപരമായ ചെലവുകളും വഹിക്കുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ 2225-01-277-57-34- പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 26 കോടി രൂപ അനുവദിച്ചിരുന്നു. 2225-01-277-54 Administrative expense of Medical College Palakkad (NP) എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 21.87 കോടി രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ ലഭ്യമാക്കിയിരുന്നുവെങ്കിലും 2021-22 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 2-6-2022-ലെ എഫ്1/214/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 11

2225-01-283-89—ഭവനനിർമ്മാണം-ഭവനരഹിതർക്ക് ഭവനം

ഭവനപൂർത്തീകരണ പദ്ധതികളിൽ 10,000 പേർക്ക് പുതുതായി ധനസഹായം അനുവദിക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനും ഭവനനിർമ്മാണം, ഭവന പൂർത്തീകരണം, പഠനമുറി എന്നീ പദ്ധതികളുടെ സ്പിൽ ഓവർ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-2022 വർഷം ശീർഷകത്തിൽ 243,58,30,030 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി അഡീഷണൽ ഓതറൈസേഷൻ മുഖേന 50,00,00,000 രൂപ ലഭിച്ചിരുന്നു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 12

2225-01-800-86—1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള ആശ്വാസ ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും എഫ്.ഐ.ആർ. സ്റ്റേജിൽ തുക നൽകേണ്ടി വരുന്നതിനാലും നടപ്പുസാമ്പത്തിക വർഷത്തിൽ ജില്ലകളിൽ ലഭ്യമായതും അനുമതി നൽകാത്തതുമായ മിശ്ര വിവാഹ ധനസഹായ അപേക്ഷകർക്ക് കൂടി ആനുകൂല്യം അനുവദിക്കുന്നതിലേക്കും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റീ അപ്രോപ്രിയേഷൻ മുഖേന 10 കോടി രൂപ അധികമായി ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 29,82,10,644 രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 2-6-2022-ലെ എഫ്2/82/2022/പ.ജ.പ.വ.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 13

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ- സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായുള്ള വരുമാന പരിധി 2014 മുതൽ 42000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചതിൻ പ്രകാരം വർദ്ധിച്ച അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന വസ്തുത സമിതി നിരീക്ഷിക്കുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനും നടപ്പ് വർഷത്തെ ആനുകൂല്യം പൂർണമായി വിതരണം ചെയ്യുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 58.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-2022 വർഷം ശീർഷകത്തിൽ 309,999,999 രൂപയാണ് ചെലവ്. ഈ ആവശ്യത്തിലേക്കായി അഡീഷണൽ ഓതറൈസേഷൻ മുഖേന 15,00,00,000 രൂപയുള്ള അനുമതി ലഭിച്ചിരുന്നു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 25-5-2022-ലെ പ.ജ.പ.വ.വി.വ-എ 1/194/2021-പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 14

2225-02-102-93—ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്)

ബഹു. ഹൈക്കോടതിയുടെ 23-02-2021-ലെ WP(c) 31570/2011 നമ്പർ വിധിന്യായപ്രകാരം എല്ലാ പട്ടികവർഗ്ഗ ഊരുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും 43 കോടി രൂപയുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചുനൽകേണ്ടിയിരുന്ന തുക ഉൾപ്പെടെ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷത്തെ ചെലവുകൾക്ക് ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 15

2225-02-102-92—ഭക്ഷണസഹായ പരിപാടി

2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ഓണത്തിന് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കുടിശ്ശികയായിട്ടുള്ള തുക നൽകുന്നതിനും കോവിഡ് 19 മഹാമാരിയെത്തുടർന്ന് കണ്ടെയിൻമെന്റ് മേഖലകളിലുള്ള പട്ടികവർഗ്ഗ കോളനികളിലും രോഗബാധിതരുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പോഷകാഹാര കിറ്റ് വിതരണം ചെയ്യേണ്ട സാഹചര്യമുള്ളതിനാലും ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷത്തെ ചെലവുകൾക്ക് ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 16

2225-02-102-85—പ്രത്യേകം നിർണ്ണയിക്കപ്പെട്ട അധിവാസ കേന്ദ്രങ്ങളിലെ പട്ടികവർഗ്ഗക്കാരുടെ സംയോജിത സമഗ്രവികസനം (എ.ടി.എസ്. പി. ഫണ്ട്/പ്രത്യേക പാക്കേജ്)

ദേശീയ തൊഴിലുറപ്പ് പരിപാടിയുടെ ഭാഗമായി നൽകിവരുന്ന 100 ദിവസത്തെ തൊഴിലിന് പുറമെ പട്ടികവർഗ്ഗക്കാർക്ക് 100 ദിവസം വരെ അധിക തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയായ ട്രൈബൽ പ്ലസ് ഉൾപ്പെടെ 5 പദ്ധതികൾക്കായാണ് ടി ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. ട്രൈബൽ പ്ലസ്സിനുവേണ്ടി മാത്രമായി 50 കോടി രൂപ വേണ്ടി വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

25,00,00,000 രൂപ ധനപുനർവിനിയോഗം മുഖേന അധികമായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക – 17</u>

2225-02-277-99—<u>മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ</u>

സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെന്റും 9-1-2020-ലെ സ.ഉ (അച്ചടി) നമ്പർ 1/2020/ പ.ജ.പ.വ.വി.വ. പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക ധനാനുമതിയായി 4,18,48,000 രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക - 18</u>

2225-02-277-52—<u>പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലെയും ഭൗതികസാഹചര്യങ്ങൾ UNICEF നിഷ്കർഷിച്ച മാതൃകയിൽ ഉയർത്തുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ആയതിന് നിലവിലുള്ള ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ നിന്നും 3 കോടി രൂപ റീ-ക്ലാസ്സിഫിക്കേഷൻ മുഖാന്തരം 4225-02-277-43 ശീർഷകത്തിലേയ്ക്ക് മാറ്റി വകയിരുത്തിയിരുന്നു. അവശേഷിച്ച 5.05 കോടി രൂപയിൽ 1.09 കോടി രൂപ ചെലവഴിച്ചിരുന്നു. അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക – 19</u>

2225-02-277-35—<u>പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ</u>

2021-22 സാമ്പത്തിക വർഷം 150 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിലേക്കും പഠനമുറികളുടെ പ്രവർത്തന ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 18.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് കാരണം സാമൂഹ്യപഠനമുറികൾ യഥാവിധി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാലും ഗോത്രസാരഥി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിനാലും അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക - 20</u>

2225-02-282-89_—<u>ജനനീ ജന്മരക്ഷ</u>

പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭാവസ്ഥയിലുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ട് ഗർഭിണിയായതിന് ശേഷമുള്ള മൂന്ന് മാസം മുതൽ 18 മാസക്കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് പൂർത്തിയാകുന്നതുവരെ 2000 രൂപ വീതം ഓരോ മാസവും നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക ധനാനുമതിയായി 10,00,00,000 രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക – 21</u>

2225-80-001-99-04-1—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) യാത്രാ ചെലവുകൾ-യാത്രാബത്ത</u>

വിവിധ താലൂക്കുകളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി സംബന്ധമായ കേസുകളിൽ സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കുവേണ്ടി അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടി വരുന്നതിനാൽ മുൻ വർഷങ്ങളിൽ കുടിശ്ശികയായിട്ടുള്ള യാത്രാബത്ത അനുവദിക്കുന്നതിനും നടപ്പുവർഷത്തെ യാത്രാ ചെലവിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതമായി 1 ലക്ഷം രൂപ ലഭിച്ചിരുന്നു. അധിക ധനാനുമതിയായി 1 ലക്ഷം രൂപ കൂടി അനുവദിച്ചിരുന്നു. ടി തുകയിൽ 79,446 രൂപ ചെലവഴിച്ചു. ബാക്കി 1,20,554 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

<u>ഖണ്ഡിക - 22</u>

2225-80-001-99-05-1—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>

വകുപ്പിന് വെള്ളക്കരം ഇനത്തിൽ ഒരു വർഷത്തേക്ക് 30,000 രൂപ ആവശ്യമുള്ളതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ

വെള്ളക്കരം ഇനത്തിൽ 72,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 92,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി 10,000 രൂപ ലഭിച്ചിരുന്നു. ടി തുകയിൽ 3,150 രൂപ ചെലവാക്കി. ബാക്കി 6,250 രൂപ സറണ്ടർ ചെയ്തു. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 23

2225-80-001-99-05-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- വൈദ്യുതി ചെലവ്

വകുപ്പിന്റെ നവീകരിച്ച പരിശീലന മന്ദിരത്തിൽ എയർകണ്ടീഷനുകൾ സ്ഥാപിക്കുന്നതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വൈദ്യുതി ചാർജിനത്തിൽ 57,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 85,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി ലഭിച്ച 1,60,000 രൂപയിൽ 1,19,839 രൂപ ചെലവായി. ബാക്കി 40,161 രൂപ സറണ്ടർ ചെയ്തു. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 24

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ്ചെലവുകൾ-ടെലിഫോൺ ചെലവ്

വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷനുകൾ എന്നിവയ്ക്ക് നിലവിലെ

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി ലഭിച്ച 47,000 രൂപയും ചെലവായി. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 25

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

കിർത്താഡ്സിലെ ഓഫീസ് ചെലവുകൾക്കായി നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. കിർത്താഡ്സിന്റെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റൽ, മറ്റ് അടിയന്തര ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി 12000 രൂപ ലഭിച്ചു. അധികധനാനുമതിയായി 2,48,000 രൂപ ലഭിച്ചു. ആയതിൽ 24,000 രൂപ ചെലവാക്കി. ബാക്കി തുകയായ 2,36,000 രൂപ സറണ്ടർ ചെയ്തു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക -26

2225-80-001-99-06—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വാടക, കരം, നികുതി

6-3-2019-ലെ 540/2019/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ ഈ വകപ്പിന്റെ വസ്തു നികുതി 1,50,000 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയായ 7,83.983 രൂപ അടയ്ക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ

9.04 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി 30,000 രൂപ ലഭിച്ചു. അധിക ധനാനുമതിയായി 9,60,000 രൂപ ലഭിച്ചു. ആകെ 9,90,000 രൂപയിൽ 9,34,000 രൂപ ചെലവാക്കി. ബാക്കി 56,000 രൂപ സറണ്ടർ ചെയ്തു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 27

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും

കിർത്താഡ്സ് എല്ലാ വർഷവും സംസ്ഥാനത്തെ പട്ടികവിഭാഗക്കാർക്കായി വിവിധ പരിശീലന ഗവേഷണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ടി പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി 21,000 രൂപ ലഭിച്ചു. അധിക ധനാനുമതിയായി 1,00,000 രൂപ ലഭിച്ചു. ആയതിൽ 92,420 രൂപ ചെലവാക്കി. ബാക്കി 28,580 രൂപ സറണ്ടർ ചെയ്തു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 28

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഔദ്യോഗിക ഭാഷാ പ്രയോഗം

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ

ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് തുകയായി 1000 രൂപ ലഭിച്ചു. തുകയൊന്നും ചെലവായില്ല. 1000 രൂപയും സറണ്ടർ ചെയ്തു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ. നമ്പർ കത്ത്.)

ഖണ്ഡിക - 29

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -പി.ഒ.എൽ

വിവിധ പരിശീലന പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നതിനാൽ ഇന്ധനചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതമായി 16,000 രൂപ ലഭിച്ചു. അധിക ധനാനുമതിയായി 1,00,000 രൂപ ലഭിച്ചു. ടി തുകയിൽ 96,639 രൂപ ചെലവാക്കി. ബാക്കി തുകയായ 19,361 രൂപ സറണ്ടർ ചെയ്തു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ നമ്പർ കത്ത്.)

ഖണ്ഡിക -30

2225-80-001-99-99—കേരളസംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവരസാങ്കേതിക വിദ്യ

വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേക്ക് ആവശ്യമായ സോഫ്റ്റ് വെയറുകൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ

1.5 ലക്ഷം രൂപ  അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതമായി 1000 രൂപ ലഭിച്ചു. തുകയൊന്നും ചെലവായില്ല. 1000 രൂപയും സറണ്ടർ ചെയ്തു.

(പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 20-6-2022-ലെ പി.എം1/275/2021/പ.ജ.പ.വ.വി.വ  നമ്പർ കത്ത്.)

<u>ഖണ്ഡിക - 31</u>

2225-03-001-98—<u>ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും</u>

വകുപ്പിന് കീഴിൽ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ രണ്ട് പുതിയ ആഫീസുകൾ ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ആഫീസുകൾ സജ്ജമാക്കുന്നതിനും അവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്റർ, ഫോട്ടോകോപ്പിയർ, സ്കാനർ, ഫർണ്ണിച്ചറുകൾ തുടങ്ങിയവ വാങ്ങുന്നതിനും വാഹന വാടകയ്ക്കുമായി അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ പുതിയ ഓഫീസുകളുടെ പ്രവർത്തനം സാമ്പത്തിക വർഷം പകുതി പിന്നിട്ടപ്പോളാണ് ആരംഭിച്ചത്. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക - 32</u>

2225-03-102-99—<u>പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ തൊഴിൽ പരിശീലനം</u>

ഇതുവരെ ഓട്ടോമൊബൈൽ മേഖലയിൽ മാത്രം ആനുകൂല്യം അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതി ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി രംഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായി സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ആവശ്യത്തിലേക്കായി അധികമായി 86 ലക്ഷം രൂപയ്ക്ക് അധിക ധനാനുമതിക്ക് ശിപാർശ ചെയ്തുവെങ്കിലും അനുമതി ലഭ്യമായില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക - 33</u>

2225-03-102-98—<u>ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള സഹായം</u>

സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിലിടം ആധുനികവൽക്കരിക്കുന്നതിനും നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ഗ്രാന്റ് അനുവദിച്ചവർക്ക് അർഹമായ രണ്ടാം ഗഡു തുക കൂടി നൽകേണ്ടതിനാലും 2020-21 മുതൽ ഈ പദ്ധതി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുള്ളതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശിർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി സ്കീമിൽ അപേക്ഷകൾ കൂടുതൽ ലഭ്യമായായിരുന്നെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ബാർബർ ഷോപ്പുകൾ ഏറെ വൈകിയാണ് പ്രവർത്തനം ആരംഭിച്ചതെന്നതിനാൽ ഫീൽഡ് പരിശോധനകൾ പൂർത്തീകരിക്കുന്നതിന് ഇതു മൂലം ബുദ്ധിമുട്ട് നേരിട്ടിരുന്നു. എങ്കിലും പരിശോധന പൂർത്തിയാക്കിയവയുടെ അടിസ്ഥാനത്തിൽ മൂന്നു ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെങ്കിലും അധിക ധനാനുമതി ലഭ്യമായില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക - 34</u>

2225-03-102-94—<u>കുംഭാര കോളനികളുടെ വികസനം</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നത്. 2020-21-ൽ പരമാവധി 5 കോടി രൂപ ചെലവഴിച്ച് കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

47.2 ലക്ഷം രൂപ ഈ ഇനത്തിൽ അധിക ധനാനുമതി നൽകി.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക - 35</u>

2225-03-277-99-12—<u>മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യർത്ഥികൾക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നതിനും ഈ ശീർഷകത്തിലെ വിഹിതം ഉപയോഗിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കെ.പി.സി.ആർ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ നിരക്ക് നിലവിലെ നിരക്കിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

80 കോടി രൂപ അധിക ധനാനുമതി നൽകുകയും തുടർന്ന് അന്തിമ SDG യിൽ തുക ക്രമപ്പെടുത്തുകയും ചെയ്തു.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക -36</u>

2225-03-277-92-12—<u>മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)-സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും)</u>

സംസ്ഥാനത്തെ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത മറ്റു പിന്നാക്കവിഭാഗങ്ങളിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രതിവർഷം 1500 രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതിക്ക് മുൻ വർഷങ്ങളിൽ 50 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2020-21 സാമ്പത്തിക വർഷം മുതൽ 36 കോടി രൂപ മാത്രമാണ് അനുവദിച്ചുവരുന്നത്. സംസ്ഥാന വിഹിതത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി ബഡ്ജറ്റിൽ വകയിരുത്താറുണ്ടെങ്കിലും കുറഞ്ഞ തുക മാത്രമാണ് കേന്ദ്രസർക്കാർ റിലീസ് ചെയ്യാറുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാന വിഹിതത്തിൽ 7 കോടി രൂപയോളം കുറവുവന്നതുമൂലം 46,666 വിദ്യർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാനായിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര വിഹിതം ലഭ്യമാകാൻ വൈകിയ സാഹചര്യത്തിൽ അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക - 37</u>

2225-03-277-91-12—<u>ഒ.ബി.സി.-ക്ക് വിദേശപഠനത്തിനുള്ള ധനസഹായം-സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും</u>

വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രിക്കൾച്ചറൽ സയൻസ്, പ്യുവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് മേഖലകളിൽ ബിരുദാനന്തര ബിരുദവും Phd യും ചെയ്യുന്ന പിന്നാക്കവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്ന പ്രസ്തുത പദ്ധതിക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിദേശ സർവകലാശാലകളിൽ പഠനത്തിന് ചേർന്നവർക്ക നേരിട്ട് ക്ലാസുകൾ ആരംഭിക്കുന്നത് വൈകിയതിനാൽ ക്ലെയിമുകൾ സമയത്തിന് ലഭിച്ചിരുന്നില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 38

2225-03-277-90—എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ ട്രെയിനിംഗ്

പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസസ് UGC/JRF/NET, GATE, MAT തുടങ്ങിയ മത്സരപരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം, പ്രൊഫഷണലുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സബ്സിഡി ധനസഹായം, തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിയിനത്തിൽ മാനദണ്ഡങ്ങൾ പ്രകാരം മത്സരപരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളവരിൽ പകുതി പേർക്ക്പോലും ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി സ്കീം 2021-2022 മുതൽ ഓൺലൈൻ ആയാണ് നടപ്പിലാക്കിയത്. സാങ്കേതിക പ്രശ്നങ്ങൾ മൂലം പ്രോസസ്സിംഗ് പൂർത്തിയാക്കാൻ വൈകിയ സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 39

2225-03-277-88—പിന്നാക്ക വിഭാഗക്കാർക്കിടയിലുള്ള പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യവികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ, കൈപ്പണിക്കാർ, പൂർണ്ണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ തുടങ്ങിയവർക്ക് തൊഴിൽ നൈപുണ്യ വികസനത്തിനും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനുമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിപ്രകാരം 23,000 രൂപ്പരം അപേക്ഷകർക്ക് ആദ്യഗഡുവും മുൻ വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവും

അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് പശ്ചാത്തലത്തിൽ ഫീൽഡ് തല പരിശോധന കൃത്യമായി നടത്താൻ സാധിക്കാതെ വന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 40

2225-03-800-99—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മിഷൻ (സഹായധനം)

കമ്മിഷൻ ചെയർമാൻ, മെമ്പർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് 2225-03-800-99-35-മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപയും കമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് 2225-03-800-99-36 - ശമ്പളേതരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

58.01 ലക്ഷം രൂപ ഈ ഇനത്തിൽ അധിക ധനാനുമതി പ്രകാരം ലഭിച്ചു.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 41

2225-03-800-85—പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കുള്ള സഹായം

ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ സ്ഥലം നവീകരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനും വേണ്ടി രണ്ടു ഗഡുക്കളായി പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആദ്യ ഗഡു തുക

അനുവദിച്ചവർക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് പശ്ചാത്തലത്തിൽ ഫീൽഡ് തല പരിശോധന കൃത്യമായി നടത്താൻ സാധിക്കാതെ വന്നതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക - 42</u>

2225-03-800-81—<u>ഒ.ബി.സി. യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപ വാർഷികവരുമാനത്തിന് വിധേയമായി പന്ത്രണ്ടായിരം രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് മൂന്നാം ഗഡു, രണ്ടാം ഗഡു എന്നിവയും 2021-22-ലെ പ്രതീക്ഷിത അപേക്ഷകർക്ക് ആദ്യഗഡു ധനസഹായവും അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ആവശ്യത്തിലേക്കായി അധികമായി 72 ലക്ഷം രൂപയ്ക്കു അധിക ധനാനുമതിക്ക് ശിപാർശ ചെയ്തുവെങ്കിലും അനുമതി ലഭ്യമായില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക - 43</u>

4225-03-190-99—<u>ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ</u>

കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിന്മേൽ വായ്പാ വിതരണം നടത്തുന്നതിലേക്കായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് പശ്ചാത്തലത്തിൽ തൻവർഷം അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ട് സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 44

4225-03-190-98—കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനം ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ടി വിഭാഗങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ദേശീയ ഏജൻസികളിൽ നിന്നു ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 16.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തൻവർഷം ബഡ്ജറ്റിൽ അനുവദിച്ച് നൽകിയ തുക ധനവ്യയ നിയന്ത്രണങ്ങൾ കാരണം പൂർണ്ണമായും അനുവദിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ട് സർക്കാരിന് ശിപാർശ സമർപ്പിച്ചില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക - 45

4225-03-190-97—കേരള സംസ്ഥാന കളിമൺപാത്രനിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ-ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ

സംസ്ഥാനത്തെ പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ബജറ്റ് പ്രൊപ്പോസൽ അനുസരിച്ചുള്ള പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തൻവർഷം ബഡ്ജറ്റിൽ അനുവദിച്ച് നൽകിയ തുക ധനവ്യയ നിയന്ത്രണങ്ങൾ കാരണം പൂർണ്ണമായും അനുവദിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ട് സർക്കാരിന് ശിപാർശ സമർപ്പിച്ചില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 16-6-2022-ലെ എ 1/275/2021/ പി.വി.വി.വ. നമ്പർ കത്ത്)

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

<u>ഖണ്ഡിക -46</u>

2235-02-101-89—<u>വികലാംഗരുടെ ക്ഷേമം-വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസി കൾക്ക് ഗ്രാൻറ് നൽകുന്നതിനായി മുൻ സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് മുൻസിപ്പാലിറ്റി ശീർഷകങ്ങളിൽ ലഭിച്ച തുക അപര്യാപ്തമായിരുന്നതിനാലും മുൻ സാമ്പത്തിക വർഷം ട്രഷറി ക്യൂ സിസ്റ്റത്തിൽപ്പെട്ട ബില്ലുകൾക്കുള്ള തുക നടപ്പു സാമ്പത്തിക വർഷത്തെ ഗ്രാന്റിൽ നിന്നും നൽകേണ്ടി വന്നതിനാലും ഈ ശീർഷകത്തിൽ 1.5428656 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ആതറൈസേഷൻ വഴി തുക അനുവദിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (ബി) വകുപ്പിന്റെ 18-6-2022-ലെ ബി2/371/2021/സാനീവ നമ്പർ കത്ത്)

<u>ഖണ്ഡിക –47</u>

2235-02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

നിഷിന്റെ വികസനത്തിന് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി ഉദ്ദേശം 2 ലക്ഷം സ്ക്വയർഫീറ്റുള്ള കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളോടും കൂടിയ അക്കാഡമിക്/ക്ലിനിക്കൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെലവിനായി ഈ ശീർഷകത്തിൽ 5.21 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിഷിൽ അക്കാഡമിക്/ക്ലിനിക്കൽ ബ്ലോക്കിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം തണ്ണീർതട/നെൽവയൽ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ ടി സ്ഥലത്തിന്റെ പരിവർത്തനത്തിനായുള്ള അപേക്ഷ 30-10-2018-ലെ സ.ഉ. (സാധാ) നം. 1071/2018/കൃഷി പ്രകാരം നിരാകരിച്ചിട്ടുണ്ട്. അതിനാൽ ടി വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 2-6-2022-ലെ എ 2/230/2021/സാനീവ നമ്പർ കത്ത്.)

ഖണ്ഡിക -48

2235-02-101-69(10)—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം-ഫിസിക്കൽ മെഡിസിന്റെയും റീഹാബിലിറ്റേഷന്റെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സഹായം

കുട്ടികളിലും മുതിർന്നവരിലുമുള്ള വിവിധതരം വൈകല്യങ്ങളെ കണ്ടെത്തി ആവശ്യമായ രീതിയിൽ ഇടപെടുന്നതിന് പരിശീലിപ്പിക്കുന്നതിനും പുനരധിവാസത്തിനും ഗവേഷണത്തിനുമായുള്ള സ്ഥാപനമാണ് നിപ്മെർ. ഈ സ്ഥാപനത്തെ ഭിന്നശേഷി മേഖലയിലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തേണ്ടുന്ന നടപടികൾ അവസാനഘട്ടത്തിലാണെന്ന് സമിതി വിലയിരുത്തുന്നു. ഇതു പൂർത്തിയാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുട്ടികളിലും മുതിർന്നവരിലുമുള്ള വിവിധതരം വൈകല്യങ്ങളെ കണ്ടെത്തി ആവശ്യമായ രീതിയിൽ ഇടപെടുന്നതിന് പരിശീലിപ്പിക്കുന്നതിനും പുനരധിവാസത്തിനും ഗവേഷണത്തിനുമായുള്ള സ്ഥാപനമാണ് നിപ്മെർ. ഈ സ്ഥാപനത്തെ ഭിന്നശേഷി മേഖലയിലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തേണ്ടുന്ന നടപടികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി സമിതി 2 കോടി രൂപ ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് വകയിരുത്തിയിട്ടില്ല.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 22-6-2022-ലെ സാനീവ-സി2/97/2022-സാനീവ നമ്പർ കത്ത്.)

ഖണ്ഡിക -49

2235-02-101-55—അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ഉയർന്ന പിന്തുണ ആവശ്യമായ ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയായ അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് വിപുലമായ പ്രവർത്തന മേഖലയാണുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ടി പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായി ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 99.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി നടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അധിക തുക ആവശ്യമില്ല.

(സാമൂഹ്യനീതി (ബി) വകുപ്പിന്റെ 18-6-2022-ലെ ബി2/371/2021/സാനീവ നമ്പർ കത്ത്)

ഖണ്ഡിക -50

2235-02-104-98-(36)—വൃദ്ധൻമാരുടെയും ക്ഷീണിതരുടെയും അഗതികളുടെയും സഹായധനം-ശമ്പളേതരം

മുനിസിപ്പാലിറ്റി ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് കുടിശ്ശികയുള്ളതിനാൽ ഈ ശീർഷകത്തിൽ 3.88385 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-104-98-(36) എന്ന ശീർഷകത്തിൽ തുക അനുവദിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 28-2-2022-ലെ G.O (Rt) No. 1363/2022-Fin നം. ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ ആയി 6,68,12,000 രൂപ അനുവദിച്ചിട്ടുള്ളതാണ്.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 22-6-2022-ലെ സാനീവ-സി2/97/2022-സാനീവ നമ്പർ കത്ത്.)

ഖണ്ഡിക – 51

2235-02-104-89-(31)—അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, കൗൺസിലർമാർക്ക് ഓണറേറിയം

എന്നിവ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.38957 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനാഥാലയ നിയന്ത്രണ ബോർഡിന്റെ മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൗൺസിലർമാരുടെ ഓണറേറിയം, ചെയർമാന്റെയും ബോർഡ് അംഗങ്ങളുടെയും ഓണറേറിയം എന്നിവ നൽകുന്നതിനായി 2235-02-104-89(31) ശീർഷകത്തിൽ അധിക ധനാനുമതി മുഖേന 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 2-6-2022-ലെ എ 3/55/2022-സാനീവ നമ്പർ കത്ത്.)

ഖണ്ഡിക -52

2235-02-107-98-(36)—സന്നദ്ധ സംഘടനകൾക്കുള്ള സഹായം- സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം

2019-20 സാമ്പത്തിക വർഷം ട്രഷറി ക്യൂ സിസ്റ്റത്തിൽപ്പെട്ട ബില്ലുകൾ മാറിനൽകാൻ സാധിക്കാത്തതിനാലും ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടിവന്നതിനാലും നടപ്പ് സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.6164951 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-107-98-(36) എന്ന ശീർഷകത്തിൽ തുക അനുവദിക്കുന്നതിനായി സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 28-12-2022 ലെ G.O (Rt) No. 1363/2022/Fin നം. ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ ആയി 6,68,12,000 രൂപ അനുവദിച്ചിട്ടുള്ളതാണ്.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 22-6-2022-ലെ സാനീവ-സി2/97/2022-സാനീവ നമ്പർ കത്ത്.)

ഖണ്ഡിക -53

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും ഭരണ നിർവ്വഹണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക ലഭ്യമായിട്ടില്ല.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 2-6-2022-ലെ എ3/55/2022-സാനീവ നമ്പർ കത്ത്.)

ഖണ്ഡിക -54

2235-60-200-72(02)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം- (ആശ്വാസ കിരണം)

ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസം 600 രൂപയാണ് നിലവിൽ അനുവദിക്കുന്നത്. നിലവിലെ 102505 ഗുണഭോക്താക്കൾക്കും 2021-22 വർഷം പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 144.1254 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസം 600 രൂപയാണ് അനുവദിക്കുന്നത്. നിലവിലെ 12505 ഗുണഭോക്താക്കൾക്കും 2021-22 വർഷം പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ 144.1254 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നെങ്കിലും ആയത് വകയിരുത്തിയിട്ടില്ല.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 22-6-2022-ലെ സാനീവ-സി2/97/2022-സാനീവ നമ്പർ കത്ത്.)

ഖണ്ഡിക -55

2235-60-200-72 (07)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - വയോമിത്രം.

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം മരുന്ന് വാങ്ങിയ വകയിൽ KMSCL-ന്

നൽകേണ്ട കുടിശ്ശിക തുകയായ 24 കോടി രൂപ നൽകുന്നതിനും നടപ്പുവർഷത്തെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 36.1764 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക ധനവിനിയോഗം വഴി KMSCL-ന് നൽകേണ്ട കുടിശ്ശിക തുകയായ 23,08,60,000 രൂപ 20-12-2021 തീയതിയിലെ 8279/2021/ധന ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 22-6-2022-ലെ സാനീവ-സി2/97/2022-സാനീവ നമ്പർ കത്ത്.)

<u>ഖണ്ഡിക -56</u>

2235-60-200-72 (25)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി -സമാശ്വാസം</u>

സമാശ്വാസം പദ്ധതി പ്രകാരം നിലവിലെ 8479 ഗുണഭോക്താക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.2325 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമാശ്വാസം പദ്ധതി പ്രകാരം നിലവിലെ 8479 ഗുണഭോക്താക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ 25.2325 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നെങ്കിലും ആയത് വകയിരുത്തിയിട്ടില്ല.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 22-6-2022-ലെ സാനീവ-സി2/97/2022-സാനീവ നമ്പർ കത്ത്.)

<u>ഖണ്ഡിക -57</u>

2235-02-800-98—<u>മിശ്രവിവാഹങ്ങൾ</u>

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും 2014 മുതൽ 2019 വരെ ലഭിച്ച 2979 പെൻഡിംഗ് അപേക്ഷകൾക്ക് 30,000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.937 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സാമ്പത്തിക ദുരിതം അനുഭവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ അപേക്ഷകൾ പെന്റിംഗ് ആയതിനാൽ ടി അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനായി 12,51,00,000 രൂപ 2022-2023 സാമ്പത്തിക വർഷത്തെ 2235-02-197-50, 2235-02-191-150 എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി G.O (Rt) No. 99/2022/SJD Dated 10-5-2022 ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

(സാമൂഹ്യനീതി (സി) വകുപ്പിന്റെ 22-6-2022-ലെ സാനീവ-സി2/97/2022-സാനീവ നമ്പർ കത്ത്.)

<u>ഖണ്ഡിക -58</u>

4235-02-102-88—<u>ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം</u>

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാമുരടിപ്പും പ്രാരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്കു കൂടി പണം അനുവദിക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(സാമൂഹ്യനീതി (ബി) വകുപ്പിന്റെ 18-6-2022-ലെ ബി2/371/2021/സാനീവ നമ്പർ കത്ത്)

<u>ഖണ്ഡിക –59</u>

2235-02-001-90—<u>വനിതാ ശിശുവികസന ഡയറക്ടറാഫീസ്</u>

വനിതാ ശിശുവികസന വകുപ്പിനു കീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ 14 ജില്ലാ ഓഫീസുകളിലെയും ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 11.5763 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

<u>സ്വീകരിച്ച നടപടി</u>

2235-02-001-90(NP)-ലെ വിവിധ സബ് ശീർഷകങ്ങളിൽ സ. ഉ (സാധാ) നം. 4194/2021/ധന തീയതി 28-5-2021-8,71,98,000 രൂപ, സ. ഉ (സാധാ) നം. 4930/2021/ധന തീയതി 13-7-2021-4,31,28,000 രൂപ, സ. ഉ (സാധാ) നം. 4575/ 2021/ധന തീയതി 18-6-2021-1,27,000 രൂപ, സ. ഉ (സാധാ) നം. 8313/2021/ധന തീയതി 21-12-2021-5,06,000 രൂപ, സ. ഉ (സാധാ) നം. 897/2022/ധന തീയതി 9-2-2022-1,15,000 രൂപ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അധിക ധനവിഭവ സമാഹരണം മുഖേന 13,10,74,000 രൂപയും, സ. ഉ (സാധാ) നം. 2295/2022/ധന തീയതി 24-3-2022 എന്ന സർക്കാർ ഉത്തരവ് പ്രകാരം 2,69,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേനയും ഉൾപ്പെടെ ആകെ 13,13,43,000 രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(വനിതാശിശു വികസന (എ) വകുപ്പിന്റെ 9-5-2022-ലെ വ.ശി.വി.വ-എ 1/170/2021-വ.ശി.വി.വ നമ്പർ കത്ത്)

<u>ഖണ്ഡിക – 60</u>

2235-02-102-62—<u>കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മന:ശാസ്ത്ര സേവനം</u>

സ്കൂളുകളിൽ കൗമാരക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് നിയോഗിച്ചിട്ടുള്ള സൈക്കോ സോഷ്യൽ കൗൺസിലർ മാർക്ക് വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം നൽകുന്നതിനും മറ്റ് പ്രതീക്ഷിത ചെലവുകൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.8842 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2235-02-102-62-01-05 ശീർഷകത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പു വർഷം അനുവദിച്ച 26.8 കോടി രൂപയ്ക്ക് പുറമെ സർക്കാർ ഉത്തരവ് G.O (Rt) No. 2253/Fin, dated 23-3-2022 പ്രകാരം 3,00,00,000 (മൂന്ന് കോടി രൂപ) റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/ 2022/WCD നമ്പർ കത്ത്)

<u>ഖണ്ഡിക – 61</u>

2235-02-102-55—<u>അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം</u>

പത്ത് വർഷത്തിനു താഴെ സേവനകാലയളവ് ഉള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും അതിനു മുകളിൽ സേവനകാലയളവുള്ളവർക്ക് 1000 രൂപയും പ്രതിമാസ അലവൻസിൽ വർദ്ധനവ് അനുവദിച്ചതിൻപ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള തുക

നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65.0466 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 21-5-2022-ലെ വ.ശി.വി.വ-ബി2/142/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 62

2235-02-102-53 —ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ചൈൽഡ് റൈറ്റ്സ് കമ്മീഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ വാഹനവാടകയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വാഹന വാടകയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 18 ലക്ഷം രൂപ ധനപുനർവിനിയോഗം മുഖേന വകയിരുത്തിയിട്ടുണ്ട്.

(വനിതാശിശു വികസന (എ) വകുപ്പിന്റെ 23-4-2022-ലെ എ 2/92/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക -63

2235-02-102-47—ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം (60% കേന്ദ്രസഹായം)

വനിതാ ശിശുവികസന വകുപ്പിനു കീഴിലെ 174 ഐ.സി.ഡി.എസു.-കളിലേയും 3 പ്രോഗ്രാം ഓഫീസുകളിലെയും ഡയറക്ടറേറ്റിലെയും കരാർ വാഹനങ്ങൾക്ക് വാടക നൽകുന്നതിന് ടി ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. കരാർ വാഹനങ്ങളുടെ വാടക നൽകുന്നതിനും സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.326 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക ധനവിഭവ സമാഹരണം മുഖേനയും റീ-അപ്രോപ്രിയേഷൻ മുഖേനയും ആകെ 25,57,57,000 രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാ ശിശു വികസന (സി) വകുപ്പിന്റെ 21-6-2022-ലെ WCD-C3/39/2022-WCD നമ്പർ കത്ത്)

ഖണ്ഡിക – 64

2235-02-102-23—കോവിഡ് 19 മഹാമാരിമൂലം അനാഥരാക്കപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം

കോവിഡ് 19 മഹാമാരിമൂലം മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിന് 2021-22 സാമ്പത്തിക വർഷത്തെ ഭേദഗതി ബഡ്ജറ്റിൽ 5 കോടി രൂപ പ്രത്യേക പാക്കേജായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 4.9999 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-102-23(NP) ശീർഷകത്തിൽ കോവിഡ് 19 മഹാമാരിമൂലം അനാഥരാക്കപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം നൽകുന്നതിലേക്കായി ബഡ്ജറ്റ് വിഹിതമായ 1000 രൂപയ്ക്ക് പുറമെ G.O.(Rt.) No. 5578-Fin. dtd 18-8-2021 ഉത്തരവ് പ്രകാരം 3,19,99,000 രൂപയും G.O.(Rt.) No. 2300-Fin. dtd 24-3-2022 ഉത്തരവ് പ്രകാരം 1,16,79,000 രൂപയും ചേർത്ത് ആകെ 4,36,78,000 (നാല് കോടി മുപ്പത്തിയാറ് ലക്ഷത്തി എഴുപത്തിയെണ്ണായിരം രൂപ മാത്രം) അധിക ധന സമാഹരണം വഴി അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക – 65

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം

ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2020-21 വർഷത്തേയ്ക്ക് ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,75,140 രൂപ ആവശ്യമായിവരുന്നു. ഇതിനു പുറമേ 2018-19 വർഷത്തെ ഭരണചെലവുകൾക്കായി കേന്ദ്ര ബോർഡ്

അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 94.07 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

<u>ഖണ്ഡിക –66</u>

2235-02-103-89—<u>വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ</u>

വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നതിന് നഴ്സുമാരെ പ്രാപ്തരാക്കുന്ന വിധം നൈപുണ്യ വികസന പരിശീലനം (ASEP-N-Advanced Skill Enhancement Programme for Nurses), അവസാന വർഷ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനികൾക്കായുള്ള ഭാഷാ നൈപുണ്യ പരിശീലനം എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 6.86 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിദേശ രാജ്യങ്ങളിൽ നഴ്സുമാർക്ക് ജോലി നേടികൊടുക്കാൻ നൈപുണ്യ വികസന പരിശീലനം (ASEP-N-Advanced skill Enhancement Programme for Nurses), അവസാന വർഷ ബി.എസ്സി. നഴ്സിംഗ് വിദ്യാർത്ഥികൾക്കായുള്ള ഭാഷാ നൈപുണ്യ പരിശീലനം എന്നീ പദ്ധതികൾക്ക് അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയ്ക്ക് അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 20-5-2022-ലെ വ.ശി.വി.വ.-ബി3/134/2021-വ.ശി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക – 67</u>

2235-02-103-85—<u>ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കൽ</u>

ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഈ ഓഫീസുകളിലെ വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കുന്നതിനും ഇവരുടെ ടി.എ.

നൽകുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-103-85 (NP)-ലെ വിവിധ സബ് ശീർഷകങ്ങളിൽ G.O. (Rt.) No. 450/ 2022/Fin. Dtd 19-1-2022 എന്ന സർക്കാർ ഉത്തരവ് പ്രകാരം അധിക ധനവിഭവ സമാഹരണം മുഖേന ആകെ 3,76,000 രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (എ) വകുപ്പിന്റെ 19-5-2022-ലെ വ.ശി.വി.വ-എ 3/126/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 68

2235-02-103-80—ജെൻഡർ പാർക്ക്

കോഴിക്കോട്ടുള്ള ജെൻഡർ പാർക്കിൽ വനിതകൾക്കായി അന്താരാഷ്ട്ര വിപണന കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന് തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 24.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 21-5-2022-ലെ വ.ശി.വി.വ-ബി2/142/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 69

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കൂടുതലായതിനാൽ അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനായി ഫൈനൽ ബാച്ച് SDG-യിൽ 2,21,09,000 രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (എ) വകുപ്പിന്റെ 19-5-2022-ലെ വ.ശി.വി.വ-എ 3/126/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 70

2235-02-103-68 (01)—വനിതാവികസന പദ്ധതി-നിർഭയ പദ്ധതികൾ

വിധവകൾ, അവിവാഹിതർ/വിവാഹമോചനം നേടിയവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ട വനിതകൾ, ദുഷ്കരമായ സാഹചര്യങ്ങളിൽ വസിക്കുന്ന സ്ത്രീകൾ എന്നിവരുടെ പുനരധിവാസത്തിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനും പദവിപഠനം, സാഹചര്യവിശകലനം സർവ്വേകൾ/പഠനങ്ങൾ എന്നിവ നടത്തുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-103-68(01) (P)-ലെ 02-5 Daily wages ഉപശീർഷകത്തിൽ G.O(Rt) No.4377/2021/Fin dated 9-6-2021 സർക്കാർ ഉത്തരവ് പ്രകാരം 2,25,000 രൂപ റീ -അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 20-5-2022-ലെ വ.ശി.വി.വ.-ബി3/134/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 71

2235-02-103-52—ശ്രീമതി ദാക്ഷായണി വേലായുധൻ അവാർഡ്

2020-21 സാമ്പത്തിക വർഷം മുതൽ പ്രസ്തുത അവാർഡ് നൽകുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.14 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

G.O.(Rt) No. 451/2022/Fin dtd 19-1-2022 സർക്കാർ ഉത്തരവ് പ്രകാരം 1,09,000 രൂപ അധിക ധനവിഭവ സമാഹരണം മുഖേന അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 20-5-2022-ലെ വ.ശി.വി.വ.-ബി3/134/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 72

2235-02-104-99—ശ്രീ ചിത്രാ ഹോം സഹായധനം

ശ്രീചിത്രാ ഹോമിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 2017-18 സാമ്പത്തികവർഷത്തിൽ 2 കോടി രൂപ അധികതുകയായി വകയിരുത്തിയിരുന്നവെങ്കിലും ആയത് സ്ഥാപനത്തിന് ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക അനുവദിക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തി ശമ്പളം നൽകുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 61.7001 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക -73

2235-02-104-96—സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ അബലാമന്ദിരം മുതലായവ

വകുപ്പിന്റെ കീഴിൽ ആലപ്പുഴയിലുള്ള ബാലസദനത്തിന്റെയും കോഴിക്കോട് പ്രവർത്തിക്കുന്ന ആശാ ഭവൻ, ഷോർട്ട് സ്റ്റേ ഹോം എന്നീ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ഭക്ഷണം, മരുന്ന്, വസ്ത്രം എന്നീ ചെലവുകൾക്കും 15 ക്ഷേമ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ് താൽക്കാലിക ജിവനക്കാരുടെ ദിവസവേതനം, എന്നീ ചെലവുകൾ വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.82 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-104-96(NP)-ലെ സബ് ശീർഷകത്തിൽ G.O (Rt) No. 450/2022/Fin Dated 19-1-2022-നം സർക്കാർ ഉത്തരവ് പ്രകാരം അധിക വിഭവ സമാഹരണം മുഖേന 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാ ശിശു വികസന (ബി) വകുപ്പിന്റെ 20-6-2022-ലെ വ.ശി.വി.വ. ബി3/134/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 74

2235-02-104-94—ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കൽ (ടെക്നിക്കൽ ട്രെയിനിംഗും ഡെവലപ്മെന്റും)

വകുപ്പിന്റെ കീഴിലുള്ള ജുവനൈൽ ഹോമുകളിലും സ്പെഷ്യൽ ഹോമുകളിലുമുള്ള കുട്ടികൾക്ക് ആശാരിപ്പണി, തയ്യൽ, നെയ്ത്ത്, മൂന്നുചക്രവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടർ വർക്ക്സ്, പ്ലംബിംഗ്, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ കേടുപാടുകൾ തീർക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പരിശീലനപരിപാടികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക – 75

2235-02-106-94—സങ്കേത ഭവനങ്ങളും പരിരക്ഷാലയങ്ങളും

വകുപ്പിന്റെ കീഴിലുള്ള ജുവനൈൽ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ, കെയർ/ആഫ്റ്റർ കെയർ ഹോമുകൾ, പകൽപരിപാലനകേന്ദ്രം എന്നിവിടങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിനും, ജീവനക്കാരുടെ ശമ്പളം,അലവൻസുകൾ, യാത്രാബത്ത, കരം, നികുതി എന്നീ ആവശ്യങ്ങൾക്കുമായി ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നു. മുൻ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വാട്ടർ ചാർജ്, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, അദർ ചാർജസ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരുന്ന തുക മുഴുവനും വിനിയോഗിച്ചതിനാലും കീഴ്കാര്യാലയങ്ങളിൽ കുടിശ്ശിക നൽകുവാനുള്ളതിനാലും ഈ ശീർഷകത്തിൽ 40.45 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-106-94 ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 2.9625 കോടി രൂപയ്ക്ക് പുറമെ സർക്കാർ ഉത്തരവ് G.O (Rt) No. 2429/Fin dtd 26-3-2022 ഉത്തരവ് പ്രകാരം 6,67,000 (ആറ് ലക്ഷത്തി അറുപത്തി എഴായിരം രൂപ മാത്രം) ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക – 76

2235-02-106-91—വിവിധ ശിശുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ജുവനൈൽ ജസ്റ്റിസ് ഫണ്ട്

2020-21 സാമ്പത്തിക വർഷം ബാലനിധി ഫണ്ട് ഇനത്തിൽ അനുവദിച്ച 10 ലക്ഷം രൂപയും വിനിയോഗിച്ചതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് കോവിഡ്-19 മഹാമാരിമൂലം കുട്ടികൾക്ക് മാതാപിതാക്കളെ നഷ്ടപ്പെടുകയും അനാഥരാവുകയും ചെയ്യുന്ന സാഹചര്യം സംജാതമായിരിക്കുന്നതിനാൽ ടി ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022 -ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക – 77

2235-60-200-72(01)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി- കാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി

കാൻസർ രോഗം ബാധിച്ച 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഈ പദ്ധതി പ്രകാരം എം. പാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് മുൻ വർഷത്തെ കുടിശ്ശികയിനത്തിൽ 18 കോടി രൂപ നൽകുന്നതിനും ഈ സാമ്പത്തിക വർഷം മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ(സാധാ) നം. 8235/21/ഫിൻ. തീയതി 18-12-2021 പ്രകാരം 21160.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക – 78

2235-60-200-72(03)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി-അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയിലൂടെ പ്രതിമാസം 2,000 രൂപ ധനസഹായം നൽകിവരുന്നു. നിലവിലുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശികയും പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായവും അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.6832 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രതിമാസം 2,000 രൂപ ധനസഹായം നൽകി വരുന്ന സ്നേഹസ്പർശം പദ്ധതിയുടെ ഗൈഡ് ലൈൻ 17-12-2021-ന് റിവൈസ് ചെയ്തിരുന്നു. അതിന് ശേഷമാണ് 2021-22 വർഷത്തെ ബഡ്ജറ്റ് വിഹിതം ലഭിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ സമർപ്പിച്ച ഭരണാനുമതി നൽകിയത്. 2021-22 വർഷത്തെ ബഡ്ജറ്റ് വിഹിതം 2022 മാർച്ച് മാസം അവസാനമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുക ലഭ്യമാക്കുന്നതിനുള്ള ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(വനിതാ ശിശു വികസന (ബി) വകുപ്പിന്റെ വ.ശി.വി.വ. ബി3/134/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 79

2235-60-200-72(05)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-താലോലം പദ്ധതി

ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ, ജനിതക രോഗങ്ങൾ മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി SCTIMST-ന് 4 കോടി രൂപ അനുവദിക്കേണ്ടതുള്ളതിനാലും നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ (സാധാ) നം. 608/22/ഫിൻ. തീയതി 2-2-2022 പ്രകാരം 1068.81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക – 80

2235-60-200-72-(11)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയും പുതിയ അപേക്ഷകർക്കുള്ള സഹായവും നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50.9447 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2810.30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022/WCD നമ്പർ കത്ത്)

ഖണ്ഡിക – 81

2235-60-200-72-21—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി

ടി പദ്ധതി പ്രകാരം നിലവിലുള്ള 900 ഗുണഭോക്താക്കൾക്കും ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന 200-ഓളം ഗുണഭോക്താക്കൾക്കും മരുന്നിനും ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(വനിതാശിശു വികസന (സി) വകുപ്പിന്റെ 1-6-2022-ലെ WCD-C3/39/2022-WCD നമ്പർ കത്ത്)

ഖണ്ഡിക – 82

4235-02-102-86—വെള്ളപ്പൊക്കത്തിൽ നാശം സംഭവിച്ച അങ്കണവാടി കേന്ദ്രങ്ങളുടെ പുതുക്കൽ

2018-ലെ പ്രളയത്തിൽ നശിച്ച 9 അങ്കണവാടികളുടെ പുനർനിർമ്മാണത്തിനായി 1.55 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആദ്യ ബാച്ച് ഉപധനാഭ്യർത്ഥന വഴി 1.35 കോടി രൂപ 4235-02-102-86 ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ലഭ്യമായ പ്രൊപ്പോസൽ പരിശോധിച്ചിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 20-5-2022-ലെ വ.ശി.വി.വ.-ബി1/256/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 83

4235-02-102-85—സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം (പ്ലാൻ)

അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ SDG മുഖേന ടി ശീർഷകത്തിൽ 1000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി ശീർഷകവും തുകയും അനുവദിച്ച് നൽകിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2021-22-ലെ ബഡ്ജറ്റിൽ ടി ശീർഷകം അനുവദിച്ച് അതിൽ 1000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആദ്യബാച്ച് ഉപധനാഭ്യർത്ഥന വഴി 20 കോടി രൂപയും ശീർഷകവും അനുവദിക്കുന്നതിന് ലഭ്യമായ പ്രൊപ്പോസൽ പരിശോധിച്ചിരുന്നുവെങ്കിലും ശീർഷകവും തുകയും അനുവദിക്കുയുണ്ടായില്ല.

(വനിതാശിശു വികസന (ബി) വകുപ്പിന്റെ 20-5-2022-ലെ വ.ശി.വി.വ.-ബി1/256/2021-വ.ശി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക – 84

2235-02-106-98—ദുർഗുണ പരിഹാര പാഠശാല

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികൾക്കുള്ള അടിയന്തര ചികിത്സാ ചെലവ്, മരുന്ന്, മറ്റ് ചെലവുകൾ എന്നിവയിലും സ്ഥാപനത്തിലെ വെള്ളക്കരം വൈദ്യുതി ചാർജ് എന്നിവയിലും ഉണ്ടാകുന്ന വർദ്ധവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദുർഗുണ പരിഹാര പാഠശാലയിലെ വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ് എന്നിവയിൽ അധിക തുകയ്ക്കായി റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും 16-3-2022-ലെ സ.ഉ(സാ.ധാ) നം.1890/2022/ധന ഉത്തരവ് പ്രകാരം 1,10,000 (ഒരു ലക്ഷത്തി പതിനായിരം ) രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവ് ലഭിച്ചത് 2-4-2022-ൽ ആയതിനാൽ ടി തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ജയിൽ വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്.)

(ആഭ്യന്തര (ബി) വകുപ്പിന്റെ 21-4-2022-ലെ ബി2/259/2021/ആഭ്യന്തരം നമ്പർ കത്ത്)

ഖണ്ഡിക - 85

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

2019-20 സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കിയ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വരുത്തിയിട്ടില്ല. കൂടാതെ മുന്നാക്ക സമുദായങ്ങളിലെ ഏറ്റവും ജനശ്രദ്ധ നേടിയ പദ്ധതിയായ ഭവന സമുന്നതി പദ്ധതിയിൽ ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി മുൻ സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും നിലവിൽ ഇത് അഗ്രഹാരങ്ങളുടെ മാത്രം നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി മംഗല്യ സമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 7.26 കോടി രൂപയും ഉൾപ്പെടെ ആകെ 12.26 കോടി അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മംഗല്യസമുന്നതി പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 17-10-2021 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3941/ 2021/പൊ.ഭ.വ, 25-3-2022 തീയതിയിലെ സ.ഉ. (സാധാ) നം. 1254/2022/പൊ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം മൂലധനസഹായ പദ്ധതിയ്ക്കായി അനുവദിച്ചതിൽ നിന്നും 2.28 കോടി രൂപ മംഗല്യ സമുന്നതി പദ്ധതിയ്ക്കായി അനുവദിക്കുകയുണ്ടായി. ടി തുക വിനിയോഗിച്ച് 228 പേർക്ക് പദ്ധതി പ്രകാരം ധനസഹായം നൽകി.

ഭവന സമുന്നതി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം അഗ്രഹാരങ്ങളുടെ മാത്രം നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 4.14 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 22-2-2022 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നം. 775/2022/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2235-02-190-97 എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക വീടുകളുടെ/അഗ്രഹാരങ്ങളുടെ പുനരുദ്ധാരണത്തിനായി വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്കായി ഉപധനാഭ്യർത്ഥന വഴി 7.26 കോടി രൂപ അധികമായി അനുവദിക്കണമെന്ന നിർദ്ദേശം സമർപ്പിച്ചിരുന്നുവെങ്കിലും ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ പദ്ധതിയ്ക്കായി അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 16-6-2022-ലെ സി.ഡി എൻ4/141/ 2022/ പൊ.ഭ.വ. നമ്പർ കത്ത്)

ഖണ്ഡിക - 86

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

കേരള സംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നിലവിൽ വന്നിരിക്കുന്നതിനാലും 2019 ജനുവരി മുതലുള്ള ഡി.എ. അരിയർ നൽകേണ്ടതായ സാഹചര്യത്തിലും കൂടാതെ പുതിയ ചെയർമാൻ ചാർജെടുക്കേണ്ട സാഹചര്യം സംജാതമായതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ ശമ്പള ഇനത്തിലെ ചെലവുകൾക്കുള്ള ധനസഹായമായി 2021-22 സാമ്പത്തിക വർഷം 2235-02-190-97-31- Grand in aid General Salary(NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന

45.92 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ 6-12-2021-ലെ സ.ഉ (സാധാ) നം. 4200/2021/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 25 ലക്ഷം രൂപ അധിക ധനാനുമതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 16-6-2022-ലെ സി.ഡി. എൻ4/141/2022/ പൊ.ഭ.വ. നമ്പർ കത്ത്)

ഖണ്ഡിക -87

2235-02-800-81-31—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ- സഹായധനം - ശമ്പളം

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ അംഗങ്ങൾക്ക് പേ റിവിഷൻ അരിയർ, ഡി.എ. അരിയർ, പുതുക്കിയ ശമ്പളം എന്നിവ നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.023 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ 2235-02-800-81-31 സാലറി ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ 1,87,70,000 രൂപയ്ക്ക് (ഒരു കോടി എൺപത്തി ഏഴ് ലക്ഷത്തി എഴുപതിനായിരം രൂപ) പുറമെ 39,00,000 രൂപയ്ക്ക് (മുപ്പത്തി ഒൻപത് ലക്ഷം രൂപ) അഡീഷണൽ ഓതറൈസേഷൻ വഴി അധികമായി അനുവദിച്ചതിനാൽ ആകെ 2,26,70,000 രൂപ (രണ്ടു കോടി ഇരുപത്തിയാറു ലക്ഷത്തി എഴുപതിനായിരം രൂപ) ലഭ്യമായിരുന്നു.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 21-6-2022-ലെ സി.ഡി. എൻ3/90/ 2022/ പൊ.ഭ.വ. നമ്പർ കത്ത്.)

ഖണ്ഡിക -88

2235-02-800-81-36—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളേതരം

കേരള ആക്ട് 2/2016 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ 9-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-800-81-36 നോൺ സാലറി ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ 40,00,000 രൂപയ്ക്ക് (നാൽപ്പത് ലക്ഷം രൂപ) പുറമെ 30,00,000 രൂപ (മുപ്പത് ലക്ഷം രൂപ) അഡീഷണൽ ഓതറൈസേഷൻ വഴി അധികമായി അനുവദിച്ചതിനാൽ ആകെ 70,00,000 രൂപ ( എഴുപത് ലക്ഷം രൂപ) ലഭ്യമായിരുന്നു.

(പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 21-6-2022-ലെ സി.ഡി. എൻ3/90/2022/ പൊ.ഭ.വ. നമ്പർ കത്ത്.)

ഖണ്ഡിക - 89

2235-60-107-99-27—സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ-പെൻഷൻ

സ്വാതന്ത്ര്യസമര സേനാനികൾക്ക് പെൻഷനോടൊപ്പമുള്ള പുതുക്കിയ ക്ഷാമാശ്വാസവും ക്ഷാമാശ്വാസ കുടിശ്ശികയും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-60-107-99-27 ശീർഷകത്തിൽ (കേരള സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ) 2021-22 സാമ്പത്തിക വർഷത്തേക്ക് 45,00,00,000 രൂപ (നാല്പത്തിയഞ്ചു കോടി) അനുവദിച്ചിരുന്നു. കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻകാർക്ക് വർദ്ധിപ്പിച്ച ക്ഷാമബത്ത (36%) 1-4-2021 മുതൽ നൽകി വന്നതിനാലും 1-1-2019 മുതൽ 31-3-2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശികയുടെ ആദ്യ രണ്ട് ഗഡുക്കൾ ഏപ്രിൽ 2021, മേയ് 2021 എന്നീ മാസങ്ങളിൽ വിതരണം നടത്തിയതിനാലും ടി സാമ്പത്തിക വർഷത്തിൽ 2235-60-107-99-27 ശീർഷകത്തിൽ പ്രതിമാസ പെൻഷൻ അടക്കം ആകെ 49.38 കോടി രൂപ ചെലവായതായി ട്രഷറി ഡയറക്ടർ റിപ്പോർട്ട് നൽകുകയും അധികമായി ചെലവായ തുക 2235-60-107-99-27 ശീർഷകത്തിൽ ക്രമീകരിച്ച് സ.ഉ (സാധാ ) നം. 3688/2022/ധന തീയതി 17-5-2022 പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(പൊതുഭരണ (എഫ്. എഫ്. പി. ബി) വകുപ്പിന്റെ 1-6-2022-ലെ എഫ്. എഫ്. പി. ബി1/1/2021/പൊ.ഭ.വ. നമ്പർ കത്ത്)

ഖണ്ഡിക - 90

2235-60-200-94—വിമുക്ത ഭടൻമാരുടെ കുട്ടികൾക്ക് ധനസഹായം

വിമുക്ത ഭടൻമാരുടെ കുട്ടികൾക്കുള്ള ധനസഹായത്തിനു പുറമെ അമാൽഗമേറ്റഡ് ഫണ്ടിലെ രണ്ടു പദ്ധതികൾ കൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം നൽകുന്നതിനും സായുധസേനയ്ക്ക് കീഴിലുള്ള വിവിധ ട്രെയിനിംഗ് അക്കാഡമികളിൽ നിന്നും പാസ്സ്ഔട്ട് ആയി വരുന്ന കേരളീയരായ കേഡറ്റ്സിന് ഒറ്റത്തവണ സ്കോളർഷിപ്പ് നൽകുന്നതിനുമായി 2021-22 സാമ്പത്തിക വർഷം പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തുടർന്ന് പ്രസ്തുത ശീർഷകത്തിന്റെ സീലിംഗ് 43.50 ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നതും ഇതിൽ 42,08,500 രൂപ ചെലവായിട്ടുമുണ്ട്. ബാക്കി 1,41,500 രൂപ സറണ്ടർ ചെയ്തു .

ട്രെയിനിംഗ് അക്കാഡമികളിൽ പ്രവേശനം നേടിയ കേരളീയരായ കേഡറ്റുകൾക്കുള്ള സ്കോളർഷിപ്പിനായി ലഭിച്ച 12 അപേക്ഷകൾ കൂടി പരിഗണിച്ചാണ് ഈ ഇനത്തിൽ അധികം തുക വകയിരുത്തുന്നത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി മുമ്പാകെ ശിപാർശ സമർപ്പിച്ചിരുന്നത്. എന്നാൽ ടി 12 അപേക്ഷകർക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തിയാകാഞ്ഞതിനാൽ ഈ ഇനത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

(സൈനിക ക്ഷേമ (എ) വകുപ്പിന്റെ 7-5-2022-ലെ SW3-68/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

ഖണ്ഡിക - 91

2235-60-200-85—സൈനികകേന്ദ്രം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണിക്കും രാജ്യ സൈനിക ബോർഡിന് സഹായം

വയനാട് തോമാട്ടുച്ചാൽ ഉള്ള സ്ഥലത്തിന്റെ കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും കൊല്ലം തേവള്ളിയിൽ സൈനിക് റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.1233 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതും തുടർന്ന് ശീർഷകത്തിന്റെ സീലിംഗ് 40.50 ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നതുമാണ്. ഇതിൽ 8 ലക്ഷം രൂപ വയനാട് തോമാട്ടു ചാലിൽ ഉള്ള സ്ഥലത്തിന് കൊമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനായി ചെലവഴിച്ചു.

കൊല്ലം ജില്ലയിലെ തേവള്ളിയിൽ സൈനിക റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി 3.1233 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ എസ്റ്റിമേറ്റ് ചുരുക്കി 1 കോടി രൂപയിൽ താഴെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത വിഷയം പരിഗണിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ അമാൽഗമേറ്റഡ് ഫണ്ടിന്റെ സ്റ്റേറ്റ് മാനേജിംഗ് കമ്മറ്റി യോഗം എസ്റ്റിമേറ്റ് 1 കോടിയിൽ താഴെയായി ചുരുക്കേണ്ടതില്ലായെന്നും പ്രസ്തുത സ്ഥലത്തിന്റെ ടൂറിസം സാധ്യതകൂടി കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല.

(സൈനിക ക്ഷേമ (എ) വകുപ്പിന്റെ 7-5-2022-ലെ SW3-68/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

## ഖണ്ഡിക - 92

**2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്**

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടി രൂപയിൽ 7 കോടി 97 ലക്ഷം രൂപ സർക്കാരിൽ നിന്നും നാളിതുവരെയും ലഭിക്കാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും നൽകിവരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും നിർവാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.97 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപ ആകുന്നു. ഇതിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് 5 കോടി രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. സബ്ജക്ട് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് 2021-22 സാമ്പത്തിക വർഷം ഈ ഇനത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

(സൈനിക ക്ഷേമ (എ) വകുപ്പിന്റെ 7-5-2022-ലെ SW3-68/2021/സൈ.ക്ഷേ.വ. നമ്പർ കത്ത്.)

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2022 ജൂൺ 22.